വിശേഷം സംജാതമാകുകയും, കൂടാതെ ടി റൂട്ടിലെ മറ്റ് സ്ഥലങ്ങളിലും സ്റ്റോപ് അനുവദിക്കണമെന്ന ആവശ്യം ഉയർന്ന് വരികയും ചെയ്യു സാഹചര്യത്തിലാണ് കെ.എസ്.ആർ.ടി.സി.ക്ക് പൂവണത്തുമൂട്ടിലെ സ്റ്റോപ് പ്രാബല്യത്തിൽ വരുത്തുവാൻ കഴിയാത്തത്. ഈ വർഷത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് കെ.എസ്.ആർ.ടി.സി.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

വ്യാപാര സമുച്ചയ പദ്ധതി

312 (3824) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വ്യാപാര സമുച്ചയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക, യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സൗകര്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) രണ്ടു ഘട്ടങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട 59 ബസ് സ്റ്റേഷനുകളിൽ സാമ്പത്തിക നിലയനുസരിച്ച് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ നടപടിയെടുത്തിട്ടുണ്ട്. അതിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി. കോഴിക്കോട്, അങ്കമാലി, തിരുവല്ല, തിരുവനന്തപുരം തമ്പാനൂർ എന്നീ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. നേരിട്ട് നിർമ്മിക്കുന്നവയിൽ കാട്ടാക്കട, കാസർഗോഡ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ പദ്ധതി പൂർത്തിയായി പ്രവർത്തനം നടന്നുവരുന്നു.

GPM. 2/235/2020-49

LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് പണി പൂർത്തിയാക്കി ഉദ്ഘാടനം നടന്നിട്ടുണ്ട്.

നെയ്യാറ്റിൻകര പണി പൂർത്തീകരിച്ചു കഴിഞ്ഞു.

പയ്യന്നൂർ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.

ഹരിപ്പാട്, തൊടുപുഴ, മൂവാറ്റുപുഴ, നിലമ്പൂർ, പത്തനംതിട്ട, പാലാ എന്നിവിടങ്ങളിലെ പണി പുരോഗതിയിലാണ്.

പാലക്കാട്, കോട്ടയം, മലപ്പുറം എന്നിവിടങ്ങളിലെ പണി ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചേലക്കര- നിർത്തലാക്കിയ ബസ് സർവ്വീസുകൾ

313 (3825) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൃശ്ശൂർ, പാലക്കാട് ഡിപ്പോകളിൽ നിന്നും ചേലക്കര നിയോജക മണ്ഡലത്തിലെ വിവിധ റൂട്ടുകളിൽ നടത്തിയിരുന്ന ബസ് സർവ്വീസുകൾ നിർത്തലാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യാത്രക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും നിർത്തലാക്കിയ സർവ്വീസുകൾ പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(ഡി) പ്രസ്തുത നിയോജക മണ്ഡലത്തിലെ വിവിധ റൂട്ടുകളിലെ നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി സർവ്വീസുകൾ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. എൻ. നമ്പീശൻ, കടവല്ലൂർ ബ്ലോക്ക് കോൺഗ്രസ് (I) സെക്രട്ടറി നിവേദനം നൽകിയിട്ടുണ്ട്.

(സി&ഡി) ബസ്സിന്റെ ലഭ്യതക്കുറവാണ് ടി സർവ്വീസുകൾ പുനരാരംഭിക്കുവാൻ കഴിയാതിരിക്കുന്നത്. ബസ്സിന്റെ ലഭ്യതക്കുറവനുസരിച്ച് ടി സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly